**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6321** **10-11-2021 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ വേലൂപ്പാടത്ത് ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ വേലൂപ്പാടത്ത് കേരള ഫോറസ്റ്റ് റിസർച്ച് സെന്ററിന് കീഴിൽ പ്രവർത്തിക്കുന്ന ഫീൽഡ് റിസർച്ച് സെന്ററിന്റെ 100 ഏക്കറിലധികം വരുന്ന സ്ഥലം ഇക്കോ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | വിനോദ സഞ്ചാര സാധ്യത പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണ്. |
| (ബി) | ഇതിനായി ഇക്കോ ടൂറിസം വകുപ്പിൽ കേരള വന ഗവേഷണ കേന്ദ്രം സമർപ്പിച്ച പ്രോജക്റ്റിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വേലൂപ്പാടം കെ. എഫ്. ആർ. ഐ. സെന്ററിനെ ഇക്കോ ടൂറിസം കേന്ദ്രമാക്കാൻ സമർപ്പിച്ച പദ്ധതിക്കു നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. പരിഷ്കരിച്ച നിർദേശം ലഭിക്കുമ്പോൾ ഫണ്ട് ലഭ്യത കൂടി അടിസ്ഥാനമാക്കി, പദ്ധതിക്കു ഭരണാനുമതി നൽകുന്നതു പരിഗണിക്കാവുന്നതാണ്. |
| (സി) | വേലൂപ്പാടം ഫോറസ്റ്റ് ഫീൽഡ് റിസർച്ച് സെന്റർ, ചിമ്മിനി ഡാം തുടങ്ങിയ മേഖലകളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ സംയോജിപ്പിച്ച് ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതി നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ